MONDAY 12/08/2024 തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Nizam S A    Editor : Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 12/08/2024

1. SFAC കേരള (ചെറുകിട കർഷകരുടെ അഗ്രിബിസിനസ് കൺസോർഷ്യം) 2024 ഓഗസ്റ്റ് 13, 14 തീയതികളിൽ തിരുവനന്തപുരം ശ്രീകാര്യത്തുള്ള മരിയറാണി സെന്ററിൽ **'എഫ്പിഒ മാനേജ്മെൻറ് ആൻഡ് ബിസിനസ് പ്രൊമോഷൻ'** എന്ന വിഷയത്തിൽ രണ്ടു ദിവസത്തെ ശില്പശാല സംഘടിപ്പിക്കുന്നു. ചടങ്ങിൽ കൃഷി വകുപ്പ് മന്ത്രി പി പ്രസാദിന്റെ മുഖാമുഖം പരിപാടി ഉണ്ടായിരിക്കുന്നതാണ്. ചടങ്ങിൽ എഫ്പിഒ ചെയർപേഴ്സൺമാർ ,സി ഇ ഒ മാരും, പ്രോജക്റ്റ് ഡയറക്ടർ ആത്മ, പ്രിൻസിപ്പൽ സെക്രട്ടറിയും അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണറുമായ ഡോ. ബി. അശോക് ഐ.എ.എസ്, കേരള സർക്കാർ കൃഷി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി പ്രശാന്ത് എൻ. ഐ എ എസ്, കൃഷി ഡയറക്ടർ ഡോ. അദീല അബ്ദുള്ള ഐഎഎസ് എന്നിവർ പങ്കെടുക്കുന്നു.

2. പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പോഷക സമൃദ്ധി മിഷന്റെ ഭാഗമായി 100 രൂപയ്ക്കുള്ള ഹൈബ്രിഡ് വിത്തു കിറ്റ് കൃഷിഭവൻ വഴി സൗജന്യമായി വിതരണം ചെയ്യുന്നു. സ്ഥിരമായി ഒരു സീസണിലെങ്കിലും പച്ചക്കറി കൃഷി ചെയ്യുന്ന ചെറുകിട കർഷകർ കൃഷിക്കൂട്ടത്തിലെ അംഗങ്ങൾ, ക്ലസ്റ്റർ അടിസ്ഥാനത്തിൽ വാണിജ്യകൃഷി ചെയ്യുന്ന കർഷകർ എന്നിവർക്കാണ് ഹൈബ്രിഡ് വിത്തു കിറ്റ് നൽകുക. ഇതോടൊപ്പം ഒന്നിന് 3 രൂപ വിലയുള്ള മുളക്, വഴുതന, തക്കാളി, കൊത്തമര, ബീൻസ്, പയർ, വെണ്ട, ശീതകാല പച്ചക്കറികൾ എന്നിവയുടെ ഹൈബ്രിഡ് തൈകളും വിതരണത്തിനുണ്ട്. 50 സെൻറിൽ കൂടുതൽ കൃഷി ചെയ്യുന്ന ചെറുകിട കർഷകർ പദ്ധതി ആനുകൂല്യത്തിന് അർഹരാണ്.

3. ജൈവവൈവിധ്യ സംരക്ഷണ രംഗത്തെ അഭിനന്ദനാർഹമായ പ്രവർത്തനങ്ങൾക്ക് വനം വന്യജീവി വകുപ്പ് നൽകുന്ന വനമിത്ര അവാർഡിന് അപേക്ഷിക്കാം. കാവുകൾ, ഔഷധ സസ്യങ്ങൾ, കാർഷികം, ജൈവവൈവിധ്യം എന്നിവ സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾക്ക് ഒരോ ജില്ലയിൽ നിന്നും ഒരു അവാർഡ് നൽകും. താത്പര്യമുള്ള വ്യക്തികൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, കർഷകർ ഓഗസ്റ്റ് 31 നകം **കൽപ്പറ്റയിലുള്ള** സാമൂഹ്യ വനവൽക്കരണ വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ അപേക്ഷ നൽകണം. കൂടുതൽ വിവരങ്ങൾക്ക് 04936 202623 ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പാക്കുന്ന ജൈവ കാർഷിക മിഷൻ പദ്ധതിയുടെ ഭാഗമായി പൂർണമായും ജൈവ കൃഷി ചെയ്യുന്ന ജൈവ കർഷകരുടെ ഉത്പന്നങ്ങൾക്ക് അന്താരാഷ്ട്ര നിലവാരമുള്ള ജൈവ സർട്ടിഫിക്കേഷൻ ലഭ്യമാകുവാനുള്ള നടപടികളുടെ ഭാഗമായി കൃഷിഭവൻ മുഖാന്തിരം അപേക്ഷകൾ സ്വീകരിക്കുന്നു. ആവശ്യമായ കർഷകർ അതത് കൃഷിഭവനുമായി ബന്ധപ്പെടുക.

5. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് അഞ്ചാംഘട്ടത്തിൻ്റെയും ചർമ്മമുഴരോഗപ്രതിരോധ കുത്തിവയ്പ്പ് രണ്ടാം ഘട്ടത്തിന്റെയും വാക്സിനേഷൻ ക്യാമ്പെയ്ൻ ആഗസ്റ്റ് മാസം 5-ാം തീയതി മുതൽ ഉള്ള 30 പ്രവർത്തി ദിവസങ്ങളിലായി നടന്നുവരുന്നു. മൃഗസംരക്ഷണ വകുപ്പിൽ നിന്നുള്ള വാക്സിനേഷൻ ടീമുകൾ കർഷകരുടെ വീടുകളിൽ എത്തി വാക്സിനേഷൻ നടത്തുന്നതാണ്.

6. കേരള കാർഷിക സർവകലാശാല കാർഷിക കോളേജ് വെള്ളാനിക്കരയിൽ മുളക്, വഴുതന, തക്കാളി എന്നിവയുടെ ഗ്രാഫ്റ്റഡ് തൈകളും സാധാരണ തൈകളും വില്പനയ്ക്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തയ്യാറാണ്. വിൽപ്പന സമയം രാവിലെ 9 മണി മുതൽ നാലുമണി വരെ. ബന്ധപ്പെടേണ്ട നമ്പർ:9188248481.

7. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ വിവിധ ഭാഗങ്ങളിലായി അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങളുടെ ശിഖരങ്ങൾ കോതുന്നതിന് വിദഗ്ധരായ തൊഴിലാളികളിൽ നിന്ന് മുദ്ര വച്ച മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തിയതി 16/08/2024-തിയതി രാവിലെ 11 മണിവരെയാണ്. ക്വട്ടേഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഫാം ഓഫീസുമായി നേരിട്ടോ 0471 2732962 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.

## പരിശീലന പരിപാടി

8. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രത്തിൽ 13.08.2024 ചൊവ്വാഴ്ച്ച **ആടുവളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താത്പ്പര്യമുള്ളവർ 0466 2212279, 0466 29122008, 6282937809 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം